**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5227** **21-07-2022 - ൽ മറുപടിയ്ക്ക്**

**മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് പുതുക്കിപ്പണിയുന്നതിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ; | (എ) | GO(Rt) No.1147/2022/EEdn തീയതി 02/09/2021 പ്രകാരം മഹാരാജാസ് കോളേജിൽ സിന്തറ്റിക് ട്രാക്ക് പുനർനിർമ്മാണത്തിനായി 6.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ട്രാക്കിന്റെ നിർമ്മാണം എന്ന് ആരംഭിയ്ക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റേറ്റ് റിവിഷൻ 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പദ്ധതി പൂർത്തീകരിക്കാനായി 742 ലക്ഷം രൂപ ആവശ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കുമ്പോൾ മാത്രമേ പണി ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നാണ് തയ്യാറാക്കിയതെന്നറിയിക്കുമോ; | (സി) | 26/02/2020 - ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതുമരാമത്ത് വകുപ്പിനെയാണ് പ്രസ്തുത പ്രവർത്തിയുടെ നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തി യിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ